"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തിരുവനന്തപുരം നഗരസഭ പ്രദേശത്ത് ഫൈവ് സ്റ്റാർ ഹോട്ടൽ നിർമ്മിക്കുന്നതിന് ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് അനുവദിച്ചിരുന്ന ബിൽഡിംഗ് പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർഎ) വകുപ്പ്

G.O.(Rt) No.715/2025/LSGD തീയതി, തിരുവനന്തപുരം, 17-03-2025

പരാമർശം:-

1. ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ & ഡയറക്ടറുടെ 16.10.2023 തീയതിയിലെ അപേക്ഷ
2. ചീഫ് ടൗൺ പ്ലാനറുടെ 20.06.2024, 27.01.2025 തീയതികളിലെ LSGD/PD/62429/2023-TCPA1 നമ്പർ കത്തുകൾ.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ, പേട്ട വില്ലേജിൽ ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിക്കുന്ന ആഡംബര ഹോട്ടലിന്റെ നിർമ്മാണത്തിന് നഗരസഭയിൽ നിന്ന് 18-01-2008-ൽ അനുവദിച്ചിരുന്ന കെട്ടിടനിർമ്മാണ പെർമിറ്റ് പിന്നീട് രണ്ടു തവണ കൂടി ദീർഘിപ്പിച്ച നൽകിയിട്ടുണ്ടെന്നും നിർമ്മാണം പൂർത്തിയാകാതിരുന്ന സാഹചര്യത്തിൽ 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ചാപ്റ്റർ IX കമ്മിറ്റിയ്ക്ക് നൽകിയിരുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് കാലാവധി 06.11.2023 വരെ ദീർഘിപ്പിച്ചിരുന്നുവെന്നും എന്നാൽ കോവിഡ് കാരണമുള്ള നിയന്ത്രണങ്ങളും തൊഴിലാളികളുടെയും അസംസ്കൃതവസ്തുക്കളുടെയും ലഭ്യതക്കുറവും വിതരണ ശൃംഖലയിലെ മറ്റ് പ്രശ്നങ്ങളും കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നും 60% ത്തോളം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പെർമിറ്റ് കാലയളവ് അവസാനിക്കുന്നത് 112 കോടിയുടെ ഹോട്ടൽ പ്രോജക്ടിനെ പ്രതികൂലമായി ബാധിക്കുമെന്നും അതിനാൽ പെർമിറ്റ് കാലയളവ് ദീർഘിപ്പിച്ച നൽകണമെന്നും പരാമർശം (1) പ്രകാരം M/s ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ & ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

2) തിരുവനന്തപുരം നഗരസഭയിലെ പേട്ട വില്ലേജിൽ സർവ്വേ നമ്പർ 130/31, 124, 125/1, 129/1, 130/1, 129/3, 125/3, 125/1-1, 130/2-2 എന്നിവയിൽ ഉൾപ്പെട്ട 9,186 ച. മീ. വസ്തുവിൽ ക്യാപ്പിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിക്കുന്ന ആഡംബര ഹോട്ടലിന്റെ അപ്രൂവ്ഡ് പെർമിറ്റ് പ്ലാൻ പ്രകാരം പ്രസ്തുത നിർമ്മാണത്തിന് A, B എന്നിങ്ങനെ രണ്ട് ബ്ലോക്കുകൾ ഉള്ളതും സ്ഥലപരിശോധനയിൽ ബ്ലോക്ക് A-യുടെ (ഗ്രൗണ്ട് ഫ്ലോർ + ഫസ്റ്റ് ഫ്ലോർ+ സെക്കന്റ് ഫ്ലോർ + തേർഡ് ഫ്ലോർ + ഫോർത്ത് ഫ്ലോർ + ടെറസ്) Structure work ഏകദേശം പൂർത്തിയായതായും Plastering Work, Finishing Work, Services(Plumbing, Sanitary, Electrical, HVAC) തുടങ്ങിയവ കൂടി പൂർത്തീകരിക്കേണ്ടതായും

കാണുന്നുവെന്നും, വിഭാവിത കെട്ടിടം ഒരു ഹോട്ടൽ നിർമ്മാണമാണ് എന്നത് പരിഗണിക്കുമ്പോൾ ബ്ലോക്ക് A-യുടെ നിർമ്മാണം ഏകദേശം അൻപത് ശതമാനവും ബ്ലോക്ക് B-യുടെ നിർമ്മാണം പരിശോധിച്ചതിൽ ആകെ അഞ്ച് നിലകളുള്ള കെട്ടിടത്തിൽ ഒരു ഭാഗം ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ columns, slab എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ മറ്റൊരു ഭാഗത്ത് പൈൽ, പൈൽ ക്യാപ് എന്നിവയുടെ പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും മേൽ സാഹചര്യത്തിൽ ബ്ലോക്ക് B-യുടെ നിർമ്മാണം ഏകദേശം മുപ്പത് ശതമാനം പൂർത്തിയായതായി അനുമാനിക്കാമെന്നും പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലയളവ്, നിർമ്മാണത്തിനായി ലഭിക്കുന്ന തൊഴിലാളികൾ, നിർമ്മാണവസ്തുക്കൾ എന്നിവയെ ആശ്രയിച്ചിരിക്കും എന്നതിനാൽ കൃത്യമായി കണക്കാക്കുവാൻ സാധ്യമല്ലെന്നും, എന്നിരുന്നാലും നിലവിലെ സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഏകദേശം 18 മുതൽ 30 മാസം വരെ വേണ്ടി വന്നേക്കാം എന്നും പരാമർശം (2) പ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭ പരിധിയിൽ, പേട്ട വില്ലേജിൽ സർവ്വേ നമ്പർ 130/31, 124, 125/1, 129/1, 130/1, 129/3, 125/3, 125/1-1, 130/2-2 എന്നിവയിൽ ഉൾപ്പെട്ട 9,186 ച.മീ. വസ്തുവിൽ ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിക്കുന്ന ആഢംബര ഹോട്ടൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് അനുവദിച്ച പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം നടത്തിയിട്ടില്ല എന്നുറപ്പ് വരുത്തിക്കൊണ്ട് പെർമിറ്റ് കാലാവധി 07.11.2023 മുതൽ മൂന്ന് വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
DEPUTY SECRETARY

ചെയർമാൻ & ഡയറക്ടർ, ക്യാപിറ്റൽ റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ്, T.C.31/527(1), ചാക്ക, പേട്ട പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ല ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം
ജില്ല ടൗൺ പ്ലാനർ, തിരുവനന്തപുരം
നഗരസഭ സെക്രട്ടറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ(വെബ് ആന്റ് ന്യൂ മീഡിയ), വിവരപൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
Date: 17-03-2025 23:43:56
സെക്ഷൻ ഓഫീസർ